E 8234 (Pages : 3) Reg. No.....

Name.....

B.Sc. (MODEL II) DEGREE (CBCS) EXAMINATION JANUARY/FEBRUARY 2018

First Semester

Additional Language—Malayalam

കഥ, കവിത

(2017 Admissions)

Time : Three Hours Maximum Marks : 80

പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ **പത്ത്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. "തോൽവി സമ്മതിച്ച് മാളത്തിലേയ്ക്ക് ഓടിയൊളിച്ച ഒരിഴജീവിയെ നോക്കുംപോലെയുള്ള അവജ്ഞാഭാവമാണിപ്പോൾ"—ആർക്ക് ? സന്ദർഭം എന്ത് ?

2. "മടുപ്പുതോന്നുമ്പോൾ നാമും കണ്ട വണ്ടികളിലെല്ലാം പിടിച്ചു കയറുന്നു . . . എത്രയെത്ര വണ്ടികൾ ! എങ്ങും എത്തുന്നുമില്ല" —സന്ദർഭം വിശദമാക്കുക.

3. നൂറു രൂപയുടെ നോട്ടു കണ്ടപ്പോൾ പയ്യന്റെ ഓർമ്മയിൽ വരുന്ന സന്ദർഭം ഏത് ?

4. "വാസ്തവത്തിൽ ജീവിതത്തിൽ ഞാൻ സൂക്ഷിച്ചിരുന്ന ഒരേയൊരു അന്ധവിശ്വാസം ഇതു മാത്രമാണ് " —ഏത് ?

5. "പക്ഷേ, മനുഷ്യാ, നീ അറിയണം, നിന്റെ വർഗം ചെയ്യുന്ന പാതകങ്ങൾ"—ആരുടെ വാക്കുകൾ ? വിവക്ഷിതം എന്ത് ?

6. "ഇതാണ് സുഹൃത്തുക്കളേ ഈ സെക്കൻഡ് ഹാൻഡ് കഥകളുടെ കുഴപ്പം"—പുതുകഥകളുടെ സവിശേഷത ഈ വാക്യത്തിൽനിന്നും വ്യക്തമാക്കുക.

7. "കാണാ, മറിയുമേ കണ്ടാൽ ; മറക്കാത്ത-

   താണക്കറുത്ത മുഖങ്ങളൊരിക്കലും"

   —സന്ദർഭം വിശദമാക്കുക.

8. കവിയുടെ "അന്ത്യാഭിലാഷം" എന്ത് ? ചുരുക്കി എഴുതുക.

9. 'കൈലാസം' എന്ന കവിതയുടെ പശ്ചാത്തലം എന്ത് ?

10. "അതിന്റെ ബാക്കിയും അവൾ പറഞ്ഞില്ല"—ബാക്കിയായത് എന്തെല്ലാം ?

Turn over

11. "അപ്പോൾ
അമ്മ നിനക്ക് തന്ന ഉമ്മകളിലൊന്ന്
അമ്മയ്ക്ക് പകരം നല്ലുക"
—ഈ വരികളുടെ പൊരുളെന്ത് ?

12. "അടുത്ത അവതാരത്തിനായി
അടിയങ്ങൾ കാത്തിരിക്കുകയാണ്"
—വിവക്ഷ എന്ത് ?

(10 × 2 = 20)

പാർട്ട് ബി

ഒന്നരപ്പുറത്തിൽ കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

13. 'നൃത്തശാല'യിലെ സങ്കടത്തിന്റെ ആഴം വിശദമാക്കുക.
14. സ്വപ്നാനുഭവത്തെ മറി കടക്കുന്ന കഥാനുഭവമാണ് റയ്ൻഡിയർ—ഈ അഭിപ്രായം വിലയിരുത്തുക.
15. "കുറ്റങ്ങൾ കണ്ടെത്തി വെറുക്കുന്നതിനേക്കാൾ എളുപ്പമാണ്, വെറുക്കാൻവേണ്ടി കുറ്റങ്ങൾ കണ്ടെത്തുന്നത്"—ഈ വാക്യത്തിന്റെ ധ്വനി ചർച്ച ചെയ്യുക.
16. "വിഭാവരി ഉത്തരാധുനിക ചെറുകഥയുടെ സ്വഭാവം പ്രകടിപ്പിക്കുന്നുണ്ടോ ?" വിശദമാക്കുക.
17. 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയുടെ കാലികപ്രസക്തി വ്യക്തമാക്കുക.
18. "കുഞ്ഞേ
വെള്ളപ്പിപ്പൊഴും
വരയുടെ
നിയമത്തിന്
പുറത്താണ്"
—ആശയം ചർച്ച ചെയ്യുക.
19. ഇൻ ഔട്ട് എന്ന കവിതയുടെ ഘടനാപരവും ആശയപരവുമായ പ്രത്യേകതകൾ വിശദമാക്കുക.
20. "വീടുമാറിക്കയറിയ ഒരാളുടെ
അമ്പരപ്പു മാത്രമായിരിക്കാം
അതിന്റെ മനസ്സിൽ"
—അപരിചിതത്വത്തെ ആവിഷ്ക്കരിക്കുന്നതിൽ ഈ വരികൾ വഹിക്കുന്ന പങ്ക് വിലയിരുത്തുക.
21. 'പറോട്ടി' എന്ന കവിതയുടെ ഇതിവൃത്തം ചർച്ച ചെയ്യുക.

(6 × 5 = 30)

പാർട്ട് സി

നാലു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

22. "ഇവിടെയാണു നമ്മുടെ വേരുകൾ . . . നമ്മൾ അതിന്റെ തുടർച്ചകളാണ് . . . ആ വേരുകളിൽപൊട്ടിക്കിളിർക്കുന്ന കുഞ്ഞുതൈകൾ"—'മച്ചകത്തെ തച്ചൻ' എന്ന കഥ പാരമ്പര്യത്തിന്റെ വേരുകൾ തേടിയുള്ള അന്വേഷണമാണോ ? ചർച്ച ചെയ്യുക.

23. 'ലഞ്ച് ' എന്ന കഥയിൽ ഉൾച്ചേർന്നിരിക്കുന്ന രാഷ്ട്രീയവിമർശനം വിശദമാക്കുക.

24. കേരളീയന്റെ തറവാടിത്ത ഘോഷണത്തെ ഉപഹസിക്കുന്ന കവിതയാണ് 'കറുത്ത ചെട്ടിച്ചികൾ' വിലയിരുത്തുക.

25. ദളിത്-സ്ത്രീ-പാരിസ്ഥിതിക വിഷയങ്ങളിൽ ഊന്നുന്നതാണ് ഉത്തരാധുനിക മലയാള കവിതകൾ —പാഠഭാഗങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(2 × 15 = 30)